
# P G H S S  PONNANI



പൊന്നാനി നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് ല്ലയിലെ തന്നെ ഏറ്റവും പേര് കേട്ട വിദ്യാലയങ്ങളിലൊന്നാണ്. പൊന്നാനി മുനിസിപ്പാലിറ്റിയിൽ വാർഡ് നമ്പർ 38 ലാണ് ഗേൾസ്.എച്ച്.എസ് പൊന്നാനിസ്ഥിതി ചെയ്യുന്നത്. ദൂരസ്ഥലങ്ങളിൽനിന്നുപോലും ഇവിടേക്ക് കുട്ടികൾ പഠിക്കാൻ വരുന്നു. നരിപ്പറമ്പ്, തവനൂർ, തൂയ്യം എടപ്പാൾ, പുറങ്ങ് പനമ്പാട്, കടവനാട് തുടങ്ങിയ പ്രദേശങ്ങളിൽനിന്ന് വാഹനങ്ങളിലെത്തിച്ചേരുന്ന കുട്ടികളുണ്ട്. ഭൂരിപക്ഷംകുട്ടികളും ഈഴുവത്തിരുത്തി, കോട്ടത്തറ, ഈശ്വരമംഗലം, പുഴമ്പ്രം, ബിയ്യം, പള്ളപ്രം, തൃക്കാവ് എന്നിവിടങ്ങളിൽനിന്നാണ്. പൊന്നാനി ന്യൂ എൽ.പി സ്കൂൾ, ബി.ഇ.എം.യു.പി.സ്കൂൾ, ന്യൂ യു.പി ഈശ്വരമംഗലം, ഗവ.യു.പി സ്കൂൾ ചെറുവായിക്കര, ഗവ. എൽ.പി തെയ്യങ്ങാട് തുടങ്ങിയവയാണ് പ്രധാനപ്പെട്ട ഫീഡിങ്സ്കൂളുകൾ. തീര്ച്ചയായും പൊന്നാനി ഗേള്സ് ഹൈസ്കൂള് പൊന്നാനിക്കാരുടെ ഒരു ആശാ കേന്ദ്രം തന്നെയാണ്വിദ്യാലയമാണ് ഗേൾസ്.എച്ച്.എസ് പൊന്നാനി. 1964–ൽ സ്ഥാപിച്ച ഈ വിദ്യാലയം മലപ്പുറം ജില്ലയിലെ തന്നെ ഏറ്റവും പേര് കേട്ട വിദ്യാലയങ്ങളിലൊന്നാണ്. പൊന്നാനി മുനിസിപ്പാലിറ്റിയിൽ വാർഡ് നമ്പർ 38 ലാണ് ഗേൾസ്.എച്ച്.എസ് പൊന്നാനിസ്ഥിതി ചെയ്യുന്നത്.






# ഗണിത കവിത

ഭിന്ന രൂപമെന്നതെന്താണ്
അംശവും ഭിന്നവും ചേർന്നതാണ്
ഭിന്നത്തിൽ അംശം മുകളിലാണ്
ഛേദമോ ഭിന്നത്തിൽ താഴെയാണ്
ഭിന്ന രൂപമിത് എത്രതരം
ഭിന്ന രൂപമിത് മൂന്നുതരം
എന്തൊക്കെയാണെന്ന് ചൊല്ലിടാമോ
വിഷമവും മിശ്രവും സാധാരണയും
വിഷമത്തിൽ പ്രത്യേകത എന്താണ്
സാധാരണ ഭിന്നത്തിൽ പ്രത്യേകതയോ
സാധാരണയിൽ അംശം ചെറുതാകും.
ഒരു പൂർണ്ണ സംഖ്യയും
സാധാരണ ഭിന്നവും
ഒന്നിച്ചാലത് മിശ്രഭിന്നമാണ്
വിഷമത്തെ മിശ്രവും മിശ്രത്തെ വിഷമവുമം
ആക്കവതെങ്ങനെ എന്ന് ചൊല്ലിടാമോ
വിഷമത്തിൽ അംശത്തെ ഛേദം കൊണ്ട്ഹരിക്കുവിൽ
ഒരു പൂർണ സംഖ്യ കിട്ടുമല്ലോ
ശിഷ്ടത്തെ ഭിന്നത്തിൽ അംശമായി ചേർത്തീടിൻ
ഛേദം പഴയതുതന്നെ
മിശ്രമിപ്പോൾ കിട്ടുമല്ലോ
മിശ്രത്തിൽ പൂർണ സംഖ്യകൊണ്ട്
മിശ്രത്തിൽ ഛേദം ഗുണിച്ചശേഷം
അംശം അതിനോട് കൂട്ടിടുകിൽ
ഛേദം പഴയതുപോലെതന്നെ
വിഷമഭിന്നമിപ്പോൾ കിട്ടുമല്ലോ
ഇത്രയും കേട്ടപ്പോൾ എന്തു തോന്നി
**ഭിന്നം പഠിക്കുവാനായി തോന്നി**



# CLUB ACTIVITIES



## HARITHA CLUB



# ഒരു പെൺസ്വപ്നം

ആകാശം നോക്കി നോക്കി
താരാപഥത്തിലെത്തണമെന്നിരിക്കെ
ഒരു ചുവട് മുമ്പോട്ട് ,
ഒരു മതിലു പുറകോട്ടും
നീക്കി നീക്കി
ഞാൻ അമ്പിളിമെത്തയിലുറങ്ങീടും
കമ്പിളികൊണ്ടു പുതച്ചു ഞാൻ
മഞ്ഞുകണങ്ങളിലൊഴുകീടും
മുത്തശ്ശിക്കഥയല്ലിതു
നാട്ടുചൊല്ലുമല്ല
പെണ്ണാകിൻ പരാജയമെത്തുകില്ല
മണ്ണിൽ തളർന്നുറങ്ങുകില്ലേൽ
വിണ്ണിൽ പറന്നു നടക്കുകില്ലേ?
വളയിട്ട കൈകളിൽ തോക്കേന്തിയാൽ
കൊലുസിട്ട കാൽകൊണ്ട്
മുന്നേറിയാൽ
കാകൻ മലർന്നൊന്നും പറക്കുകില്ല.
മഴയൊട്ടും പെയ്യാതിരിക്കുകില്ല.



Ameya.k

# SPORTS



**KABADI TEAM**





# SPC



# GUIDES




# JRC



# LITTLE KITES

# കടങ്കഥകൾ

1. ഉടൽ പക്ഷി ,  തല ചെന്നായ്, തല കീഴായ് ജീവിതം
ഉത്തരം = വവ്വാൽ

2. പുറമേ കാട് അകമേ പാറ ഉള്ളിൽ ചോറ്
ഉത്തരം = തല

3. കൈപ്പുണ്ട് കാഞ്ഞിരമല്ല , മുള്ളുണ്ട് മുരിക്കല്ല, വാലുണ്ട് വാനരനല്ല
ഉത്തരം = കൈപ്പക്ക

4. ലഹളയിൽ മുമ്പൻ വേലയിൽ പിമ്പൻ
ഉത്തരം = ല എന്ന അക്ഷരം

5. ഉറങ്ങും പക്ഷേ കണ്ണടക്കില്ല
ഉത്തരം = മത്സ്യം

6. തൊട്ടാലുടനെ ഉറങ്ങും കുറച്ചുകഴിഞ്ഞാൽ ഉണരും
ഉത്തരം = തൊട്ടാവാടി

7. മലയിൽ വാഴ നട്ടു കടലിൽ വേരിറങ്ങി
ഉത്തരം = സൂര്യൻ

8. എന്നെ തൊട്ടു കളിച്ചാൽ തൊട്ടവനെ തട്ടികളയും
ഉത്തരം  = വൈദ്യുതി

9. അമ്മക്ക് വാലില്ല മക്കൾക്ക് വാലുണ്ട്
ഉത്തരം = തവള

10. കണ്ണിലെങ്കിലും കരയും
ഉത്തരം = മേഘം



# മയക്കുമരുന്നുകൾക്കെതിരെ

ഇന്ന് യുവാക്കളെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ വിനയാണ് ലഹരിയിലുള്ള ആസക്തി. എത്രയോ കുടുംബങ്ങൾ ഇതുമൂലം അനാഥമായിത്തീർന്നിരിക്കുന്നു. വിദ്യാർത്ഥികളിൽ ഒരു ന്യൂനപക്ഷം ദുർവിധിക്ക് അടിമപ്പെട്ടിരിക്കുന്നു എന്നത് മറ്റൊരു ദുരന്തമാണ്. ഇന്ന് നാട്ടിൽ നടക്കുന്ന ആക്രമപ്രവർത്തികളിൽ ഒട്ടുമിക്കതും ഉണ്ടാക്കുന്നത് മദ്യവും മയക്കുമരുന്നുകളും കാരണമാണ്. കൗമാരപ്രായങ്ങളിൽ ഉള്ളവർ ആദ്യം ആകർഷിക്കപ്പെടുന്നത് പുകവലിയിലേക്കാണ്.

പുകവലി ,കഞ്ചാവ് , ബീഡിയിലൂടെയായാൽ കൂടുതൽ രസകരം . പിന്നീട് ചരസ് , മരിജുവാന, ബ്രൗൺ ഷുഗർ, മാൺ ഡ്രാക്സ്, തുടങ്ങിയവ മാരകമായ മയക്കുമരുന്നുകളുടെ മായാലോകത്തേക്ക് അവർ നയിക്കപ്പെടുകയായി. ഇവരുടെ പതിവ് ലഹരി കൃത്യസമയത്ത് ലഭിച്ചില്ലെങ്കിൽ ഉപഭോക്താവ് ഭ്രാന്തു പിടിച്ച പോലെയാകും. ഇവക്ക് പണമുണ്ടാക്കാൻ മോശണം , പിടിച്ചുപറ കൊലപാതകം,



ഏറ്റവും
 ഒടുവിലത്തെ
ഉദാഹരണം ഫുട്ബോൾ
മാന്ത്രികനായ
മറഡോണയുടെ
പതനമാണ്.
അമിതമായ
മയക്കുമരുന്നുകളുടെ
ഉപയോഗം അയാളുടെ
ഹൃദയത്തെ
തൊണ്ണൂറുശതമാനവും
പ്രവർത്തന
രഹിതമാക്കിയിരിക്കുന്നു
എന്നതാണ്.
കോളേജുകൾ
തൊഴിൽ സ്ഥാപനങ്ങൾ
തുടങ്ങിയവ മാത്രമല്ല
വനിത ഹോസ്റ്റലുകൾ
പോലും മയക്കുമരുന്ന്
വിതരണക്കാരുടെ
വിഹാര രംഗമായി
മാറിക്കൊണ്ടിരിക്കുന്ന
കാലമാണിത്.
ഇതിനെതിരായി
ശബ്ദിച്ചാൽ ജീവിതം
തന്നെ നഷ്ടമാകുന്ന
നിലയിലാണ്. കള്ള
വാറ്റിനെതിരെ
പ്രചാരണം നടത്തിയ
ഒരാളെ മദ്യലോബിയുടെ
ഏജന്റുമാർ അടിച്ചു
കൊന്നവാർത്ത
പത്രമാധ്യമങ്ങളിൽ
സ്ഥാനം
പിടിച്ചിരിക്കുന്നല്ലോ,
അധമവികാരങ്ങൾക്കടി
മപ്പെട്ട അധോലോക
നായകന്മാർ
മയക്കുമരുന്ന്
വ്യാപാരത്തിലൂടെ
കോടികൾ സമ്പാദിച്ച്
കോടതികളെ പോലും
സ്വാധീനിക്കാൻ
ശ്രമിക്കുന്നു . അവരെ
അടിച്ചമർത്താൻ
ശ്രമിക്കുന്ന
സർക്കാരുകളെ
അട്ടിമറിക്കാൻ
നോട്ടുക്കെട്ടുകൾ





കോടിയിലധികം
ആളുകൾ
മദ്യത്തിനും
മയക്കുമരുന്നിനും
അടിമകളായിരിക്കു
ന്നു എന്നതാണ്
അന്താരാഷ്ട്ര
തൊഴിൽ
സംഘത്തിന്റെ
കണക്കുകൂട്ടൽ.
മയക്കുമരുന്നിൽ
മയങ്ങി
വീഴുന്നവരെ പറ്റി
ബന്ധുക്കൾ വളരെ
വൈകിയാണ്
അറിയുന്നത്. ഈ
മഹാമാരി പകർച്ച
വ്യാധിപോലെ
ജനജീവിതം
തകർത്തുകൊണ്ടിരി
ക്കുമ്പോൾ
സാമൂഹ്യ
പ്രവർത്തകർ
ഇതിനു പോംവഴി
കാണാതെ
വിഷമിക്കുന്നു.

വിദ്യാർത്ഥികളുടെ
യിടയിൽ
മയക്കുമരുന്നുകൾ
ക്കെതിരെ
ശക്തമായി
പ്രചരണവും
ബോധവൽക്കരണ
വും നടത്താൻ
സർക്കാരും
ബഹുജന
സങ്കടനകളും
യുദ്ധകാലാടിസ്ഥാ
നത്തിലുള്ള
പ്രവർത്തനം
നടത്തേണ്ടകാലം
അതിക്രമിച്ചിരിക്കു
ന്നു.
ക്ലാസ്സ്തുടങ്ങുന്നതി
ന് മുമ്പ്
പ്രാർത്ഥനയോടൊ
പ്പം എല്ലാ
വിദ്യാർത്ഥികളെ

കൊണ്ടും മയക്കുമരുന്ന്
തൊടുകയില്ല എന്ന
പ്രതിജ്ഞയെടുപ്പിക്ക
ണം.
മയക്കുമരുന്നുമായി
പിടിക്കപ്പെടുന്നവരെ
മരണശിക്ഷക്ക് തന്നെ
വിധേയമാക്കണം.
സ്വബോധമുള്ള ഒരു
ജനതയെ ഭാരതത്തിന്
വേണമെങ്കിൽ
ഇങ്ങനെ
അറ്റക്കൈതന്നെ
പ്രയോഗിച്ചേ
മതിയാകൂ.
താമസിച്ചാൽ പ്രശ്ന
പരിഹാരം
അസാധ്യമായെന്നു
വരാം











# സ്കൂൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ



# WHO IS A TEACHER



Teacher the second mother
Giving warmth and love
Feeling maternal pain in
Moulding the child citizen

A teacher can be
A friend sharing joys and sorrows
A guide torching the right way
A philosopher strengthening the minds
A architect drawing the plan of life
A mason uniting the “brick” of abilities
A nurse caring the emotions
A docter prescribing “value”able medicine
A minister serving impartially
An angle keeping away from evil

But never can be
a destroyer injecting power of destruction
to the little minds